# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5615 29.07.2015 - ൽ മറുപടിക്ക്

## ഓഫീസ് അറ്റൻഡന്റ്

**ചോദ്യം**

പ്രൊഫ. സി. രവീന്ദ്രനാഥ്

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
ബഹു. മുഖ്യമന്ത്രി

(എ) ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് പി.എസ്.സി. പരീക്ഷ നടത്തുമ്പോൾ ഉന്നതവിദ്യാഭ്യാസ യോഗ്യതയുള്ള പരീക്ഷാർത്ഥികളോടൊപ്പം എഴുതുന്ന പ്ലസ് ടു - ന് താഴെ മാത്രം യോഗ്യതയുള്ള പരീക്ഷാർത്ഥികൾക്ക് ജോലി ലഭിക്കാതെ പ്രായപരിധി കഴിഞ്ഞ് അവസരം നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് പി.എസ്.സി. പരീക്ഷ നടത്തുമ്പോൾ ഉന്നതവിദ്യാഭ്യാസ യോഗ്യതയുള്ള പരീക്ഷാർത്ഥികളോടൊപ്പം എഴുതുന്ന യോഗ്യത കുറഞ്ഞ ഉദ്യോഗാർത്ഥികൾക്ക് മത്സരിക്കുന്നതിന് പ്രയാസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഉൾപ്പെട്ട തസ്തികകളുടെ യോഗ്യത ഭേദഗതി വരുത്തുന്ന കാര്യം പരിഗണിച്ചു വരുന്നു.

(ബി) എങ്കിൽ ഇത്തരം ഉദ്യോഗാർത്ഥികൾക്കായി ഒരു അവസരം കൂടി നൽകുവാൻ തയ്യാറാകുമോ?

(ബി) ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരം നിശ്ചയിച്ചിട്ടുള്ള പ്രായപരിധിയാണ് ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനത്തിനായി കണക്കാക്കുന്നത്. പ്രായപരിധി കഴിഞ്ഞ ഏതാനും പേർക്ക് മാത്രമായി ഇതിൽ ഇളവ് അനുവദിക്കാൻ വ്യവസ്ഥയില്ല.

സെക്ഷൻ ഓഫീസർ